**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ കാർഷിക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) | പരമാവധി കടാശ്വാസ തുക 1 ലക്ഷം രൂപ എന്നത് നിലവിൽ 2 ലക്ഷം രൂപയാക്കിയതും ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുവാൻ തീരുമാനിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 20,00,00,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 19,76,64,765/- രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 2,86,37,258/- രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 1,87,12,456/- രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 16,99,74,102/- രൂപയും കടാശ്വാസം അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് അറിയിക്കാമോ? | (ബി) | കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ച വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. |

സെക്ഷൻ ഓഫീസർ